# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.98 (a)/2024 തിരുവനന്തപുരം, തീയതി: 06/05/2024

## പത്രക്കുറിപ്പ്

## കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിൽ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നു

നാക് അക്രെഡിറ്റേഷനിലും എൻ.ഐ.ആർ.എഫ് റാങ്കിംഗിലും സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തുള്ള കേരളത്തിന്റെ മാതൃസർവകലാശാലയായ കേരളസർവകലാശാലയുടെ പഠന-ഗവേഷണ വകുപ്പുകളിൽ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം ആരംഭിക്കുന്നു. സർവകലാശാല നേരിട്ട് നടത്തുന്ന കാര്യവട്ടം ക്യാമ്പസ്സിലെ വിവിധ പഠന വകുപ്പുകളിലാണ് നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമുകൾ വരുന്ന അദ്ധ്യയന വർഷത്തിൽ (2024-25) ആരംഭിക്കുന്നത്. പൊളിറ്റിക്കൽ സയൻസ് പഠന-ഗവേഷണ വകുപ്പിൽ കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു ഓണേഴ്സ് ബിരുദ ഗവേഷണ പ്രോഗ്രാം ആരംഭിച്ചിരുന്നു. തുടർന്ന് പുതിയ അക്കാദമിക വർഷത്തിൽ 16 മേജർ വിഷയങ്ങളിൽ നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമുകൾ തുടങ്ങുന്നതിനാണ് കേരളസർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുള്ളത്. മേജർ വിഷയങ്ങളായി മലയാളവും കേരള പഠനവും, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, ഹിസ്റ്ററി, എക്കണോമിക്, പൊളിറ്റിക്സ്, ഇന്റർനാഷണൽ റിലേഷൻസ്. ഫിസിക്സ് കെമിസ്ട്രി & ബയോളജി, ജിയോളജി, കമ്പ്യൂട്ടർ സയൻസ്, ബി.ബി.എ, സൈക്കോളജി, മാത്തമാറ്റിക്സ്, ബികോം എന്നിവയാണ് ആദ്യ ഘട്ടത്തിൽ ആരംഭിക്കുന്നത്. ഇതിൽ ഏതെങ്കിലും താൽപ്പര്യമുള്ള വിഷയം ആദ്യ വർഷാവസാനം വിദ്യാർത്ഥിക്ക് മേജർ ആയി തെരഞ്ഞെടുക്കാം. ഇതോടൊപ്പം ലോകത്താകമാനം സ്വീകാര്യതയുള്ള നൂതനമായ വിഷയങ്ങളുൾപ്പെടെ വിദ്യാർത്ഥിക്ക് മൈനറായും പഠിക്കാം. ഡാറ്റാ സയൻസ്, ഡാറ്റാ അനലിറ്റിക്സ്, അപ്രൂവ്ഡ് ലിംഗ്വിസ്റ്റിക്സ്, സൈബർ സെക്യൂരിറ്റി, സപ്ലൈ ചെയിൻ, ബയോ ഡൈവേഴ്സിറ്റി, നാനോ സയൻസ്, ബയോ ടെക്നോളജി, ടെക്നോളജി, ബയോ കെമിസ്ട്രി, ക്ലൈമറ്റ് ചേഞ്ച്, ഫംഗ്ഷണൽ മെറ്റീരിയൽസ്, മെഷീൻ ലേർണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി അൻപതിലധികം വിഷയങ്ങൾ മൈനർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു നിശ്ചിത ക്രെഡിറ്റ് മൈനർ വിഷയത്തിൽ വിദ്യാർത്ഥി കരസ്ഥമാക്കിയാൽ ആ വിഷയത്തിന്റെ തന്നെ ബിരുദാനന്തര ബിരുദത്തിലും ഗവേഷണത്തിലും പഠനം തുടരുന്നതിനുള്ള അവസരമുണ്ടെന്നതും പ്രത്യേകതയാണ്. കൂടുതൽ സാമർത്ഥ്യമുള്ള -വിദ്യാർത്ഥികൾക്ക് ഒന്നിലധികം വിഷയങ്ങളിൽ കോഴ്സുകൾ പഠിക്കാനുള്ള അവസരവും ലഭ്യമാകുന്നുവെന്നതും സവിശേഷതയാണ്. ഓൺലൈൻ കോഴ്സുകൾ, വിവിധ തരത്തിലുള്ള നൈപുണ്യ വികസന കോഴ്സുകൾ, ഇന്റേൺഷിപ്പ്, റിസർച്ച് പ്രോജക്ട് എന്നിവയും ഈ പാഠ്യപദ്ധതിയുടെ ഭാഗമാണ്.

വിജ്ഞാന അടിത്തറ, ബൗദ്ധിക കഴിവുകൾ, മൾട്ടി ഡിസിപ്ലിനറി വീക്ഷണങ്ങൾ, അടിസ്ഥാന വൈദഗ്ധ്യം, സാമൂഹിക പ്രതിബദ്ധത, ഗവേഷണ അഭിരുചി എന്നിവ വിദ്യാർത്ഥികളിൽ വളർത്തിയെടുത്ത് അവരെ തൊഴിൽ മേഖലയുമായി നേരിട്ട് ബന്ധപ്പെടുത്തുന്നതിനും പ്രസ്തുത പഠന മേഖലകളിലെ ഗവേഷണത്തിന് പ്രാപ്തരാക്കുന്നതിനും പര്യാപ്തമായ പാഠ്യപദ്ധതിയാണ് നാല്വർഷ ഓണേഴ്സ് റിസർച്ച് വിത്ത് പ്രോഗ്രാമുകൾക്കായി തയ്യാറാക്കിയിട്ടുള്ളത്. സർവകലാശാല കളിലെ വിദഗ്ധരായ ഫാക്കൽ അംഗങ്ങളാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കു ന്നത്. മൂന്ന് വർഷത്തിൽ ഒരു നിശ്ചിത ക്രെഡിറ്റ് കരസ്ഥമാക്കി പഠനം അവസാനിപ്പിക്കുന്നവർക്ക് ആവശ്യമെങ്കിൽ BAMS, BA, B.Com ഡിഗ്രി നേടി പുറത്ത് പോകാനും അവസരമുണ്ട്. ബിരുദ പഠനത്തിന്റെ മൂന്ന് വർഷത്തിൽ എഴുപത്തിയഞ്ച് ശതമാനം (CGPA-7.5) കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് നാലാം വർഷം തുടർന്ന് പഠിക്കാം. നാലുവർഷ ഡിഗ്രി വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥിക്ക് ഡിഗ്രി ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദമാണ് ലഭിക്കുന്നത്. സർവകലാശാലയുടെ പഠന വകുപ്പുകളിൽ ബിരുദാനന്തര ബിരുദം, പിഎച്.ഡി. എന്നിവയ്ക്ക് ചേരുവാൻ ഇത് ഒരു ആദ്യ കാൽവയ്പ്പ് ആകും.

ക്യാമ്പസ്സിലെ വിവിധ പഠനവകുപ്പുകളും പ്രോഗ്രാം നടത്തിപ്പിനായി പ്രത്യേകം രൂപീകരിച്ചിട്ടുള്ള സെന്റർ ഫോർ അണ്ടർ ഗ്രാജുവേറ്റ് സ്റ്റഡീസും സംയുക്തമായാണ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നത്. പഠനവകുപ്പുകളിലെ റിസർച്ച് ഗൈഡുമാരും പ്രൊഫസർമാരും ഇതര ഫാക്കൽറ്റികളുമാണ് പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകുന്നത്. തൊഴിൽ തൽപ്പരരെയും ഗവേഷണ അഭിരുചിയുള്ളവരെയും കണ്ടെത്തി അവർക്ക് കൃത്യമായ ദിശാബോധം നൽകുന്നതിന് പഠനഗവേഷണവകുപ്പുകൾ രൂപകൽപന ചെയ്ത പ്രോഗ്രാമുകൾക്ക് കഴിയുമെന്നുറപ്പാണ്. അദ്ധ്യയന വർഷം പ്ലസ് ടു മാർക്കിന്റെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ നടത്തുന്നത്. പ്ലസ് ടു ഫലം പ്രസിദ്ധീ കരിക്കുന്ന മുറയ്ക്ക് അഡ്മിഷനായുള്ള വിജ്ഞാപനം കേരളസർവകലാശാല പ്രസിദ്ധീകരിക്കും. ഓൺലൈൻ ആയിട്ടാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് www.keralauniversity.ac.in സന്ദർശിക്കുകയോ, താഴെ പറയുന്ന മെയിലിലോ മൊബൈൽ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

**Email:** cugs@keralauniversity.ac.in, **Mobile: 9847314237, 7994402453**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)